മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സഹായം

92(96) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ഉത്തരവാക്കുന്നതിന് കാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം കാലതാമസമുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) കാലതാമസം ഒഴിവാക്കി അപേക്ഷകർക്ക് തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം

93(97) ശ്രീ. ഇ. കെ. വിജയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനു വേണ്ടി ശ്രീ. മോഹനൻ, ടി. കെ., തെയ്യത്താംകണ്ടിയിൽ വീട്, ഇരിണ്ടണ്ണൂർ പി. ഒ., വടകര നൽകിയ അപേക്ഷയിൻമേൽ നാളിതുവരെയായി ധനസഹായം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷകന് ധനസഹായം അനുവദിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 5-12-2012-ലെ സർക്കാർ ഉത്തരവ് (സാധാ)6912/12/റവ. പ്രകാരം ശ്രീ. മോഹനന് 10,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെക്ക് (12-4-2013-ലെ ബി3 1854/13 ചെക്ക് നമ്പർ 908513) വടകര താലൂക്ക് ഓഫീസിൽ നിന്ന് അദ്ദേഹം കൈപ്പറ്റിയിട്ടുണ്ട്.

326/2021

LIBRARY ARCHIVES Kerala Legislative Assembly